# കേരള സർവകലാശാല

നം.പി.ആർ.263/2019 ഫോൺ: 2305738

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ

2019 ആഗസ്റ്റിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്.സി ബയോടെക്നോളജി പരീക്ഷയുടെ പ്രാക്ടിക്കൽ ഡിസംബർ 17, 18 തീയതികളിൽ അതതു കേന്ദ്രങ്ങളിൽ വെച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### ടൈംടേബിൾ

2019 ഡിസംബർ 31 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ബി.എസ്.സി മാത്തമാറ്റിക്സ് (വിദൂര വിദ്യാഭ്യാസം – 2017 & 2018 അഡ്മിഷൻ) റെഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫലം

2019 ജൂലൈയിൽ നടത്തിയ ഒന്നാം വർഷ ബി.ഫാം (സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 17 വരെ അപേക്ഷിക്കാം.

### പ്രബന്ധങ്ങൾ ക്ഷണിക്കുന്നു

വിദൂര വിദ്യാഭ്യാസ മലയാള വിഭാഗം ജനുവരി 7 മുതൽ 9 വരെ 'മാധ്യമങ്ങൾ: അച്ചടി മുതൽ സോഷ്യൽ മീഡിയ വരെ' എന്ന വിഷയത്തിൽ നടത്തുന്ന ത്രിദിന ദേശീയ സെമിനാറിലേക്ക് പ്രബന്ധങ്ങൾ ക്ഷണിക്കുന്നു. പങ്കെടുക്കാനാഗ്രഹിക്കുന്നവർ 9447218018 എന്ന നമ്പറിൽ ബന്ധപ്പെടുക. അവസാന തീയതി ഡിസംബർ 16.

### ശില്പശാല

വിദൂര വിദ്യാഭ്യാസ വിഭാഗം മലയാളം വിദ്യാർത്ഥികൾക്കായി 'വിവരസാങ്കേതികവിദ്യ: പ്രായോഗികതലങ്ങൾ' എന്ന വിഷയത്തിൽ ഡിസംബർ 30 മുതൽ ജനുവരി 5 വരെ നടത്തുന്ന ശില്പശാലയിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ 16 ാം തീയതിക്ക് മുമ്പ് 9447218018 എന്ന നമ്പറിൽ ബന്ധപ്പെടുക.

## ടാഗോർ നികേതൻ – പുസ്തകശേഖരണം

സർവ്വകലാശാല ലൈബ്രറിയിൽ 'ടാഗോർ നികേതൻ' എന്ന പേരിൽ പുതുതായി ഒരു റഫറൻസ് ശേഖരം ആരംഭിക്കാൻ സർവ്വകലാശാല തീരുമാനിച്ചിരിക്കുന്നു. മഹാകവി രവീന്ദ്രനാഥ ടാഗോറിന്റെ കൃതികൾ, ചിത്രങ്ങൾ, വിവർത്തനങ്ങൾ, പഠനങ്ങൾ,ലേഖനങ്ങൾ എന്നിവ ഗവേഷണാടിസ്ഥാനത്തിൽ പഠനവിധേയമാക്കുന്നതിനും ടാഗോർ കൃതികൾ പ്രചരിപ്പിക്കുന്നതിനുമുള്ള കേന്ദ്രമെന്ന നിലയിലാണ് ടാഗോറിന്റെ കേരള സന്ദർശനത്തിന്റെ 100 ാം വാർഷികം ആഘോഷിക്കുന്ന ഈ വർഷം ഇത്തരമൊരു റഫറൻസ് വിഭാഗം ആരംഭിക്കുന്നത്.

ഈ സംരംഭം സാധ്യമാക്കുന്നതിനായി ടാഗോർ കൃതികൾ, പഠനങ്ങൾ, ലേഖനങ്ങൾ, ചിത്രങ്ങൾ, വിവർത്തനങ്ങൾ, പഴയകാല ഫോട്ടോകൾ, കത്തുകൾ എന്നിവ കൈവശമുള്ള വ്യക്തികൾ, സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവർക്ക് ഈ സംരംഭത്തിൽ ഭാഗഭാക്കാകാവുന്നതാണ്. മേൽപ്പറഞ്ഞ രേഖകൾ 'ടാഗോർ നികേതനു' വേണ്ടി സംഭാവനയായി കൈമാറാൻ തയ്യാറുള്ളവർ യൂണിവേഴ്സിറ്റി ലൈബ്രേറിയൻ ഇൻ–ചാർജ്ജ്, കേരള സർവകലാശാല ലൈബ്രറി, തിരുവനന്തപുരം – 34 എന്ന വിലാസത്തിൽ ബന്ധപ്പെടുക. ഫോൺ: 0471 – 2308844, 9447495078

തിരുവനന്തപുരം,
11.12.2019

പബ്ലിക് റിലേഷൻസ് ഓഫീസർ